**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 752** **06-12-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് പാട്ടൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാട്ടൂർ സബ്സ്റ്റേഷനിൽ നിന്നും വിതരണം ചെയ്യുന്ന ഉയർന്ന ആവൃത്തിയുള്ള ഫീഡറുകളുടെ എണ്ണം എത്രയാണ്; ഇവയിൽ എത്രയെണ്ണമാണ് എ.ബി.സി- യിലേക്ക് മാറ്റിയിരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | തത്രൂർ സബ് സ്റ്റേഷനിൽ നിന്നും വിതരണം ചെയ്യുന്ന നാലു 11 കെ.വി ഫീഡറുകളാണ് പാട്ടൂർ സെക്ഷൻ പരിധിയിൽ ഉള്ളത്.<br>(1) പ്ലാഴി<br>(2) പഴമ്പാലക്കോട്<br>(3) വാവുള്ളിയാപുരം<br>(4) തോടുകാട്<br>വടക്കഞ്ചേരി സബ് സ്റ്റേഷനിൽ നിന്നും ഒരു 11 കെ.വി ഫീഡറും (കാവശ്ശേരി ഫീഡർ) പാട്ടൂർ സെക്ഷൻ പരിധിയിൽ വരുന്നവയാണ്. ഇവയിൽ ഒന്നും തന്നെ എ.ബി.സി യിലേക്ക് മാറ്റിയിട്ടില്ല. |
| (ബി) | വൈദ്യുതി ബോർഡിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പ്രകാരമുള്ള ഓൺലൈൻ സേവനങ്ങൾ നിലവിൽ ഈ സെക്ഷനിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | നടപ്പാക്കിയിട്ടുണ്ട്. സർവ്വീസ് കണക്ഷനും മറ്റു സേവനങ്ങൾക്കുമുള്ള അപേക്ഷകൾ ഓൺ ലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺ ലൈനായി പണം അടയ്ക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. വൈദ്യുതി സംബന്ധമായ പരാതികൾ 1912 എന്ന Toll free നമ്പർ വഴി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും ലഭ്യമാണ് . |
| (സി) | പാട്ടൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിച്ച് ആയതിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ; | (സി) | ചെലവു ചുരുക്കലിന്റെ ഭാഗമായുള്ള സാമ്പത്തിക അച്ചടക്ക നടപടികളെ തുടർന്ന് ഇനി പുതിയ സെക്ഷൻ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി 31.03.2023 വരെ നൽകേണ്ടതില്ലെന്ന് കെ.എസ്.ഇ.ബി. എൽ തീരുമാനിച്ചിട്ടുള്ളതിനാൽ പാട്ടൂർ സെക്ഷൻ ഓഫീസിനു സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദേശം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പ്രസ്തുത വൈദ്യുതി ഓഫീസിൽ നിന്നും മികച്ച സേവനം ലഭ്യമാക്കുന്നതിന് ആധുനികവത്കരണം | (ഡി) | പരിഗണനയിലുണ്ട്. വിതരണരംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും |

| | | | |
|---|---|---|---|
| | നടത്തുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ; | | ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022 -23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കുന്ന ദ്യുതി 2.0, വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) (2022 -23 മുതൽ 2024-25 സാമ്പത്തിക വർഷം വരെ) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 633 ലക്ഷം രൂപയുടെ പ്രവൃത്തികൾ പാട്ടൂർ സെക്ഷൻ ഓഫീസിന്റെ കീഴിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ഇ) | പാട്ടൂർ ഇലക്ട്രിക്കൽ സെക്ഷനെ മികച്ച ഉപഭോക്തൃ സേവന കേന്ദ്രമാക്കി മാറ്റുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | ഊർജ്ജവിതരണരംഗത്ത് സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി കെ.എസ്.ഇ.ബി. എൽ നടപ്പിലാക്കുന്ന "സേവനം വീട്ടുപടിക്കൽ, വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള വിവിധങ്ങളായ ഓൺലൈൻ സംവിധാനങ്ങൾ, വൈദ്യുതി സംബന്ധമായ പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള 1912 എന്ന Toll free നമ്പർ, വൈദ്യുതി തടസ്സവും പുന:സ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി, വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇമെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി എന്നിവ പാട്ടൂർ സെക്ഷനിലെ ഉപഭോക്താക്കൾക്കും ലഭ്യമാണ്. ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യം നൽകുന്നതിനായി നിലവിലെ പാട്ടൂർ സെക്ഷൻ ഓഫീസ് ഇപ്പോൾ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിൽ നിന്ന് കൂടുതൽ സൗകര്യമുള്ള പുതിയ വാടക കെട്ടിടത്തിലേക്ക് മാറ്റുന്നതിനും, ഉപഭോക്തൃ സേവനം മെച്ചപ്പെടുത്താനുമുള്ള എല്ലാ തീരുമാനങ്ങളും നടപ്പിലാക്കാൻ സെക്ഷൻ ഓഫീസിലെ ജീവനക്കാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ